പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3303 | 19.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ യോഗം ചേരുന്നത് നിരോധിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസ് വളപ്പിലും യൂണിറ്റ് ഓഫീസുകളിലും, കെ.എസ്.ആർ.ടി.സി. യിലെ അംഗീകൃത സംഘടനകൾ ഉൾപ്പെടെയുള്ളവർ യോഗം ചേരുന്നത് നിരോധിച്ചിട്ടുണ്ടോ;എങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ) | കെ.എസ്.ആർ.ടി.സി ചീഫ് ഓഫീസ് വളപ്പിലും, യൂണിറ്റ് ഓഫീസുകളിലും നടത്തുന്ന പ്രകടനം, മൈക്ക് ഉപയോഗിച്ചുള്ള യോഗം ചേരൽ, ധർണ്ണ എന്നിവ ഒഴിവാക്കണമെന്ന് കോർപ്പറേഷനിലെ എല്ലാ സംഘടനകൾക്കും, ജീവനക്കാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ കോമ്പൗണ്ടിനുള്ളിൽ നിയമ വിരുദ്ധമായി വിവിധ സംഘടനകളും, വ്യക്തികളും നടത്തുന്ന പ്രകടനങ്ങളും, യോഗങ്ങളും ഓഫീസ് പ്രവർത്തനങ്ങളെയും, സർവ്വീസ് ഓപ്പറേഷനേയും പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപെട്ടതിന്റെയും, ടി യോഗങ്ങൾ യാത്രാക്കാർക്ക് വലിയ അസൗകര്യങ്ങൾ ഉണ്ടാക്കുകയും യാത്രക്കാരുടെ സഞ്ചാര സ്വാതന്ത്ര്യത്തിന് വിഘാതം സൃഷ്ടിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ബി) | പ്രതിഷേധിക്കുവാനുള്ള അവകാശം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നിഷേധിക്കുന്നതിനോട് സർക്കാർ യോജിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | അവകാശങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി പ്രതിഷേധിക്കുന്നതിനോട് വിയോജിപ്പില്ല. എന്നാൽ പ്രതിഷേധങ്ങൾ ഒരു സ്ഥാപനത്തിൽ നിലനിർത്തിപ്പോരുന്ന വ്യവസ്ഥാപിത നിയമങ്ങൾക്ക് വിരുദ്ധമാകാനും പാടില്ല. |

സെക്ഷൻ ഓഫീസർ